പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 295

21/12/2012-ൽ മറുപടിക്ക്

## കുടുംബശ്രീക്ക് ലഭിക്കുന്ന സഹായങ്ങൾ

**ചോദ്യം**

ശ്രീമതി പി. അയിഷാപോറ്റി
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. എ.കെ. ബാലൻ
ശ്രീ. കെ.വി. അബ്ദുൾ ഖാദർ

(എ) സംരംഭ പ്രവർത്തനങ്ങളിൽ സഹായിക്കുന്ന കുടുംബശ്രീ, പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇപ്പോൾ നേരിടുന്ന പ്രയാസങ്ങൾ എന്തൊക്കെയാണ് ; ധനകാര്യ സ്ഥാപനങ്ങളുടെ പിന്തുണ പൂർണ്ണമായും ആർജ്ജിക്കാൻ സാദ്ധ്യമാകുന്നുണ്ടോ ;

**ഉത്തരം**

ഡോ.എം.കെ. മുനീർ

ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി

(എ) ദരിദ്രരായ സംരംഭകർ പ്രത്യേകിച്ച് സ്ത്രീകൾ സൂക്ഷ്മസംരംഭ മേഖലയിലേക്ക് കടന്നുവരുമ്പോൾ മറ്റു സംരംഭകരെ അപേക്ഷിച്ച് അധികമായുള്ള വെല്ലുവിളികൾ നേരിടുന്നുണ്ട്. കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങൾ നേരിടുന്ന പ്രയാസങ്ങൾ ചുവടെ ചേർക്കുന്നു:

- പലപ്പോഴും ഇവർക്കുള്ള പരമ്പരാഗത കഴിവുകൾ നിലവിലുള്ള വിപണിയുടെ ആവശ്യങ്ങൾക്ക് ഉതകുന്നതാകുന്നില്ല.

- ചെലവു കുറഞ്ഞതും അതേസമയം കാര്യക്ഷമത കൂടിയതുമായ സാങ്കേതിക വിദ്യ എളുപ്പത്തിൽ ലഭ്യമാകുന്നില്ല.

- ചെറിയ രീതിയിൽ നടക്കുന്ന സംരംഭങ്ങളായതിനാൽ അസംസ്കൃത വസ്തുക്കൾ മൊത്തമായി വാങ്ങി ഉൽപ്പാദന ചെലവ് കുറയ്ക്കുവാൻ ഇവർക്ക് കഴിയുന്നില്ല.

- ഉത്പാദന ചെലവ് വർദ്ധിച്ചതിനാൽ വിപണിയിൽ ലഭ്യമായിട്ടുള്ള മറ്റു ഉൽപ്പന്നങ്ങളെക്കാൾ ഇവരുടെ ഉൽപ്പന്നങ്ങൾക്ക് വില അധികമാകുകയും ഇത് വിൽപ്പനയെയും വിറ്റുവരവിനെയും ബാധിക്കുകയും ചെയ്യുന്നു.

- സംരംഭങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ള നിയമ സംവിധാനങ്ങൾ (ടാക്സ്, ലൈസൻസിംഗ്, സംരംഭമേഖല അടിസ്ഥാനമാക്കിയുള്ള നിയമങ്ങൾ) സംരംഭങ്ങളുടെ വലിപ്പത്തിന് അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല. വമ്പൻ സംരംഭങ്ങൾക്ക് ബാധകമായിട്ടുള്ള അതേ നിയമങ്ങൾ തന്നെ ഒരു ലക്ഷമോ അതിൽ താഴെയോ രൂപ മുതൽമുടക്കിയിട്ടുള്ള സംരംഭങ്ങൾക്കും ബാധകമാകുന്ന സാഹചര്യത്തിൽ ഇത്തരം നിയമങ്ങൾ പാലിക്കുകയെന്നത് സൂക്ഷ്മ സംരംഭങ്ങളെ സംബന്ധിച്ചിടത്തോളം അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുയും സംരംഭകരുടെ വരുമാനത്തെ ഇത് സാരമായി ബാധിക്കുകയും ചെയ്യുന്നു.

നിലവിലുള്ള ബാങ്കിംഗ് ചട്ടങ്ങൾ പ്രകാരം ഒരാൾക്ക് 50,000/- രൂപ വരെയുള്ള ബാങ്ക് വായ്പ മാത്രമേ ഈട് നൽകാതെയുള്ള വായ്പയായി ബാങ്കുകൾ നൽകുന്നുള്ളു. 5 പേരടങ്ങുന്ന ഒരു ഗ്രൂപ്പു സംരംഭത്തിന് രണ്ടരലക്ഷം രൂപ മാത്രമാണ് മൂതൽ മുടക്കുവാൻ ഇത്തരത്തിൽ ലഭ്യമാകുന്നത്. ഇത് 5 പേർക്ക് സ്ഥിരമായ വരുമാനം ഉണ്ടാക്കുന്ന സംരംഭം സ്ഥാപിക്കുവാൻ പര്യാപ്തമല്ല. അധികമായി ഭൂമിയോ മറ്റോ ഈടു നൽകി വായ്പ എടുക്കുവാനുള്ള കഴിവ് ഇല്ലാത്തവരാണ് കുടുംബശ്രീയിലെ സംരംഭകർ. ഇതിനാൽ ഇവർ ആരംഭിക്കുന്ന സംരംഭങ്ങൾ മൂലധന അഭാവം മൂലം തുടക്കം മുതലേ കുറഞ്ഞ ലാഭത്തിൽ പ്രവർത്തിക്കുന്നവയാകുന്നു. ഈ വിഷയം ചൂണ്ടിക്കാട്ടി കേന്ദ്ര നഗര ദാരിദ്ര്യ ലഘൂകരണ മന്ത്രാലയം മുഖേന കേന്ദ്ര ധനമന്ത്രാലയത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശ്രദ്ധയിലേക്ക് ഈ വിഷയം കൊണ്ടുവരണം എന്ന് ആവശ്യപ്പെട്ടിരുന്നു. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെയും വരാൻപോകുന്ന ദേശീയ നഗര ഉപജീവന മിഷന്റെയും പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ അനുകൂലമായ നടപടി ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രാദേശിക വിഭവങ്ങളെ സാങ്കേതിക സഹായത്തോടെ ധനകാര്യസ്ഥാപനങ്ങളുടെ പിന്തുണയോടെ വളർത്തിയെടുക്കുന്നതിന് കുടുംബശ്രീയെ പ്രാപ്തമാക്കാൻ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ് ; അവയിൽ കാലികമായ വർദ്ധന ഉണ്ടായിട്ടുണ്ടോ ;

(ബി) വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ത്രിതല പഞ്ചായത്തുകൾ എന്നിവയുടെ സംയോജനത്തിലൂടെ സബ്സിഡികൾ ലഭ്യമാക്കുന്നു. കൂടാതെ പരിശീലനം, ആവശ്യമായ സാങ്കേതിക സഹായം എന്നിവ കുടുംബശ്രീ വഴി ലഭ്യമാക്കുന്നു. സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി, ഇന്നവേഷൻ ഫണ്ട്, ടെക്നോളജി ഫണ്ട് എന്നിവ കുടുംബശ്രീ വഴി ലഭ്യമാക്കുന്നു. കുടുംബശ്രീയ്ക്ക് സർക്കാർ അനുവദിക്കുന്ന ധനസഹായത്തിൽ കാലികമായ വർദ്ധനവ് വരുത്തുന്നുണ്ട്. 2011-12 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായി 45 കോടി രൂപ അനുവദിച്ച സ്ഥാനത്ത് 2012-13 വർഷത്തിൽ 84.17 കോടി രൂപ കുടുംബശ്രീയ്ക്ക് അനുവദിച്ചിട്ടുണ്ട്.

(സി) സാമൂദായിക സന്നദ്ധ സംഘടനകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകാൻ തയ്യാറാകുന്ന ചില ബാങ്കുകൾ കുടുംബശ്രീകളിൽ നിന്ന് കൂടിയ നിരക്കിൽ പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ വിവേചനത്തിനെതിരെ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ